# THE BIBLE TRUTH

**Editor**
**P.K. VARGHESE**
**000**

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 28** **October 2014** **No.7**

# എഡിറ്റോറിയൽ

മനുഷ്യർ സമ്മതിച്ചാലും ഇല്ലെങ്കിലും, ഓരോ സ്ത്രീ പുരുഷന്മാർക്കും ദൈവത്തോടുള്ള ബന്ധം അനിവാര്യമാണ്. കാരണം മനുഷ്യരുടെ ഉത്ഭവം ദൈവത്താലായിരുന്നു. മനുഷ്യർ ദൈവത്തിന്റെ സൃഷ്ടിയാണ്. അതുകൊണ്ടാണ് നമ്മിൽ ദൈവിക സ്വഭാവങ്ങൾ കാണപ്പെടുന്നത്. അതിനാൽ ദൈവത്തോടും മനുഷ്യരോടും നമുക്ക് അഭേദ്യമായൊരു ബന്ധമുണ്ട്. പക്ഷെ ദൈവം ആത്മികനാണ്. ഭൂമിയിൽ ജീവിക്കേണ്ടതിനാണ് നമ്മുടെ ഭൗതികമായി മർത്യരൂപത്തിൽ മെനഞ്ഞത്. നമ്മെ അവൻ അത്ഭുതകരമായും അതിശയകരമായും ആണ് നിർമ്മിച്ചത്. മൃഗങ്ങളിൽനിന്നു വ്യത്യസ്തമായി സൃഷ്ടിക്കപ്പെട്ട മർത്യൻ ദൈവത്തോടുകൂടെ വസിക്കണമെന്നതായിരുന്നു ദൈവേഷ്ടം. പരിശുദ്ധനായ ദൈവത്തോടുകൂടെ നമുക്ക് ആയിരിക്കുവാൻ നാം അവന്റ വിശുദ്ധിയിൽ ജീവിക്കണം. വേറൊരു വിധത്തിൽ പറഞ്ഞാൽ, അവന്റെ ഇഷ്ട പ്രകാരം വേണം ജീവിക്കുവാൻ.

ഈ ലോകത്തെ മനുഷ്യരുടെ ജീവിതം താൽക്കാലികമാണ്. പക്ഷെ മനുഷ്യർ എല്ലാവരും അത് മനസിലാക്കുന്നില്ല. അതിന്റെ മുഖ്യമായ കാരണം, ജീവിതത്തിന്റെ ഉദ്ദേശം അവർ യഥാർത്ഥത്തിൽ തിരിച്ചറിയുന്നില്ല എന്നതാണ്. നമുക്ക് എല്ലാവർക്കും ചിന്തിക്കുവാൻ ഒരു മനസ് ദൈവം തന്നിരിക്കുകയാണ്. സ്വതന്ത്രമായി ചിന്തിച്ചു പ്രവർത്തിക്കുവാനുള്ള അവസരം മിക്കവാറും എല്ലാവർക്കും ദൈവം നൽകിയിരിക്കുകയാണ്. എന്നാൽ അധികം പേരും ആ കഴിവ് ദുർവ്വിനിയോഗം ചെയ്യുകയാണ്. നാം തിരിച്ചറിവുള്ളവരായി തീർന്നതിനാൽ വിവേകപൂർവ്വം ജീവിക്കുവാൻ നമുക്ക് ദൈവ സഹായം ആവശ്യമാണ്.

ഒരു രാജ്യത്തിന്റേയും ദൈവത്തിന്റേയും നിയമങ്ങൾ നാം പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. കൽപനകൾ മനുഷ്യരുടെ നന്മക്കായിട്ടാണ് നൽകപ്പെട്ടിരിക്കുന്നത്. അവ അനുസരിക്കുകയാണെങ്കിൽ അതിന്റെ ഗുണം നമുക്ക് ലഭിക്കും. പക്ഷെ മനുഷ്യരെ പിശാച് പ്രലോഭനത്താലും, മോഹത്താലും, വഞ്ചിച്ച് പാപത്തിന് അടിമയാക്കും. സകല അധർമ്മവും പാപമാണ്. ദൈവഹിതത്തിനു വിപരീതമായി ചിന്തിച്ചു പ്രവർത്തിക്കുന്നതെന്തും ദൈവത്തെ കോപിപ്പിക്കുന്നതാണ്. അങ്ങനെ ദൈവത്തിന്റെ ശിക്ഷക്ക് വിധേയരാകുന്നു. അങ്ങനെയാണ് ആളുകൾ ദൈവത്തിൽനിന്നും അകന്നു പോകുന്നത്. ദൈവത്തിന് ആരും നഷ്ടപ്പെട്ടുപോകുന്നത് ഇഷ്ടമല്ല. അതിനാലാണ് തന്റെ ഏകജാതനായ പുത്രനെ പാപങ്ങളുടെ പ്രായശ്ചിത്തത്തിനായി അയച്ചത്.

യേശുക്രിസ്തു ഒരിക്കൽ എന്നേക്കും ആയി ദൈവത്തിന് പ്രസാദകരമായ ഒരു യാഗം അർപ്പിച്ചു. അങ്ങനെയാണ് പാപിയായ മനുഷ്യന് പരിശുദ്ധനായ ദൈവത്തോടു അടുക്കുവാൻ ഒരു വഴി ഒരുക്കിയത്. പാപമില്ലാത്ത യേശുവിന്റെ വിശുദ്ധ രക്തവുമായിട്ടാണ് മഹാപുരോഹിതനായ യേശു അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിച്ചത്. ദൈവത്തിന്റെ കരുണയും മനസലിവും കൃപയും നമ്മെ രക്ഷിക്കുവാനായി കാണിച്ചിരിക്കുന്നു. ദൈവത്തിന്റെ മഹാ ദയയും സ്നേഹവും അവന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. നാം അതിനെ അവഗണിക്കരുത്. കാരണം ജീവനുള്ളപ്പോൾ മാത്രമാണ് നമുക്ക് ജീവനുള്ള ദൈവത്തെ അറിയുവാനും അനുസരിക്കുവാനും കഴിയുകയുള്ളു.

ഇപ്പോൾ ഈ അന്ത്യകാലത്ത് ദൈവപുത്രനായ ക്രിസ്തുവിലും അവന്റെ വചനത്തിലും വിശ്വസിച്ച് അനുസരിച്ചാൽ നമുക്ക് രക്ഷയുണ്ട്. ആകയാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽനിന്നു വിട്ടു തിരിഞ്ഞ് ദൈവ വഴിയിൽ ജീവിക്കാമെന്ന ഉറച്ച തീരുമാനത്തിലെത്തുക. യേശു ദൈവപുത്രനാണെന്ന വിശ്വാസം മനുഷ്യരുടെ മുമ്പിൽ ഏറ്റു പറയുകയും പാപമോചനത്തിനായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനമേൽക്കുകയും ചെയ്യുമ്പോൾ കർത്താവ് നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. അതിനുശേഷം നിങ്ങൾ വിശ്വസ്തതയോടെ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുകയും അവനെ സേവിച്ച് ഭക്തിയോടെ മരണത്തോളം ജീവിക്കുകയും വേണം. ദൈവത്തിന്റെ ദീർഘക്ഷമയെ നാം ഒരിക്കലും പരീക്ഷിക്കരുത്. ദൈവത്തെ കോപിപ്പിക്കയുമരുത്.

# അതുപോലെ പലതും

## *J.C.* ചോട്ട്

ബൈബിളിൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും തുടങ്ങിയവ, അതുപോലെയുള്ളവ എന്നീ പ്രയോഗങ്ങൾ പല ലിസ്റ്റിന്റേയും അവസാനം കാണാം. പുതിയനിയമ കാലത്ത് ക്രിസ്ത്യാനികളോട് പലതും വിട്ടുകളയുവാൻ ആവശ്യപ്പെടുമ്പോഴും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു. വിവിധ രീതിയിലുള്ള പാപങ്ങളെ കുറിച്ച് മുന്നറിയിച്ചിരിക്കുന്നതിനെയാണ് നാം പരിഗണിച്ചുകൊണ്ടിരിക്കുന്നത്. മുൻപറഞ്ഞ പാപങ്ങളെല്ലാം നമ്മുടെ ജീവിതത്തിൽ ഒഴിവാക്കിയില്ലെങ്കിൽ അവ നമ്മുടെ ജീവിതത്തെ നശിപ്പിക്കും എന്നോർക്കുക. കാരണം പരിശുദ്ധനായ ദൈവവുമായുള്ള ബന്ധത്തിൽ ജീവിക്കുന്നവർ പാപം ചെയ്യുമ്പോൾ അവർ അശുദ്ധരായി തീരുകയും അത് ദൈവത്തിന് അറപ്പുളവാക്കുകയും ചെയ്യും. നാം ദൈവത്തെ അനുസരിച്ച് പുതിയ സൃഷ്ടികളായി ജീവിക്കുവാനാഗ്രഹിക്കുന്നു എങ്കിൽ പാപം ഉപേക്ഷിക്കാതെ നിവർത്തിയില്ല.

ലോകത്തെയും ലോകത്തിനു നമ്മിൽ ചെലുത്താവുന്ന സ്വാധീനത്തെയും കുറിച്ച് ചിന്തിക്കുമ്പോൾ, നാം ആരോ ആയി ബന്ധിക്കപ്പെടുകയും തൻനിമിത്തം അസ്വസ്ഥരായി തീരുകയും ചെയ്യുന്നുവെന്നു മനസിലാക്കുവാൻ കഴിയും. തീർച്ചയായും നാം പാപത്തിന് അടിമപ്പെട്ടിരിക്കുന്നു എന്നും പിശാചാണ് അതിൽ നമ്മെ കുടുക്കിയത് എന്നും നാം തിരിച്ചറിയണം. ഒരാൾ ഏതിൽ തോൽക്കുന്നുവോ അയാൾ അതിന് അടിമപ്പെടുകയാണ്. ഓരോ വ്യക്തിയും അതിന് ഉത്തരവാദിയാണ്. വ്യക്തികളായ ഓരോരുത്തരും തിരഞ്ഞെടുക്കുന്നതാണ് പാപം. അതിൽനിന്നു നമുക്ക് സ്വാതന്ത്ര്യം ആവശ്യമാണ്. അതിനു ദൈവത്തിന്റെ വചനമായ സത്യം ആവശ്യമാണ് (യോഹന്നാൻ 8:32). ശക്തമായ ദൈവത്തിന്റെ വചനം നമ്മെ സഹായിക്കുവാനായി ദൈവം വെളിപ്പെടുത്തിയിരിക്കുകയാണ്. അതിന്റെ ശക്തി പാപത്തെ നീക്കം ചെയ്യുവാൻ പര്യാപ്തമാണ്. ക്രിസ്തു മൂലമാണ് നമുക്ക് സ്വാതന്ത്ര്യം ലഭിക്കുന്നത്. അതിന് നാം നമ്മുടെ പാപസംബന്ധമായി മരിച്ച് പാപമോചനത്തിനായി അവന്റെ വചനപ്രകാരം സ്നാനമേൽക്കുമ്പോൾ അത് അർത്ഥവത്താകുന്നു.

നാം ഒരിക്കൽ പാപത്തിന്നു ദാസന്മാരായിരുന്നു എങ്കിലും, ദൈവത്തിന്റെ ഉപദേശരൂപം ഹൃദയപൂർവ്വം അനുസരിക്കയാൽ നീതിക്ക് ദാസന്മാരായി തീരുന്നു (റോമർ 6:17, 18). പാപികളായിരുന്ന മനുഷ്യരെ കർത്താവിന്റെ യാഗത്തോട് ബന്ധപ്പെടുമ്പോൾ അവൻ പാപം മുഴുവൻ പോക്കി ശുദ്ധീകരിക്കുന്നു. കുശവന്റെ കയ്യിലുള്ള കളിമൺ പാത്രത്തെ ഉടച്ച് ഒരു മനോഹരമായ പുതിയ പാത്രം ആക്കി മാറ്റുന്നതുപോലെ, സമർപ്പിക്കപ്പെടുന്ന ഓരോരുത്തരെയും അവൻ പുതിയ സൃഷ്ടികളാക്കി മാറ്റുന്നു. അപ്പോഴാണ് പ്രയോജനമില്ലാതിരുന്നവർ പ്രയോജനമുള്ളവരായി തീരുന്നത്, ആരും അല്ലാതിരുന്ന നാം ആരോ ആയി തീരുന്നത് അങ്ങനെയാണ്. അപ്പൊസ്തലൻ ചോദിക്കുന്നത് ശ്രദ്ധിക്കുക, "കുശവന്നു അതേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിന്നും മറ്റൊന്നു അപമാനത്തിന്നും ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ?" (റോമർ 9:21).

നാം ദൈവകരങ്ങളിലേക്ക് നമ്മെ ഏൽപിക്കാതെ ദൈവത്തിന് നമ്മെ പുനഃസൃഷ്ടി നടത്തുവാൻ സാധ്യമല്ല. മാനത്തിനായി പണിയത്തക്കവണ്ണം നാം ദൈവത്തിലേക്ക് ചാഞ്ഞു ചെല്ലണം. ലൗകിമായ പ്രവൃത്തികളോ ജഡത്തിന്റെ പ്രവൃത്തികളോ അല്ല ദൈവത്തിന് പ്രസാദകരമായ പ്രവൃത്തി. സൽപ്രവൃത്തിക്കായിട്ടാണ് ദൈവം നമ്മെ മാനപാത്രമായി രൂപപ്പെടുത്തുന്നത്. കാരണം ലോകത്തിലുള്ള അനേകം പേർക്ക് നമ്മുടെ സേവനം ആവശ്യമാണ്. ദൈവം ഉദ്ദേശിക്കുന്ന പ്രവൃത്തികളാണ് ലോകത്തിൽ വിരളമായിരിക്കുന്നത്. ലൗകികമായി ചിന്തിക്കുന്ന മനുഷ്യർ ലോകപ്രകാരമുള്ള പ്രവൃത്തികളിലാണ് വ്യാപൃതരായിരിക്കുന്നത്. അത് നാശത്തിലേക്കുള്ള യാത്രയാണ്. പക്ഷെ ദൈവം ആരെയും നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല.

തിരുവെഴുത്തിലെ ഏതാനും പാപങ്ങളെ നാം കൂടുതൽ മനസിലാക്കുവാനായി പറഞ്ഞുകൊള്ളട്ടെ. പ്രശംസ അല്ലെങ്കിൽ പൊങ്ങച്ചം എന്നു പറയുന്ന ഒരു പാപത്തെ നാം കാണാതെ പോകരുത്. അനേകം ആളുകൾ ഈ പാപത്തിന് ഇരയാകുന്നുണ്ട്. എത്രമാത്രം തങ്ങൾ സമ്പാദിക്കുന്നുണ്ട് എന്ന രീതിയിൽ പ്രശംസിക്കുന്നവരുണ്ട്. അവർ എവിടെയായിരുന്നു, എന്തെല്ലാം ചെയ്തു, അവർക്ക് എന്തു ചെയ്യുവാൻ കഴിയും എന്നു തുടങ്ങി പല രീതിയിൽ ആളു

കൾ ഇത്തരം പ്രശംസ നടത്തുകയാണ്. അങ്ങനെയുള്ള കാര്യങ്ങൾക്ക് അവസാനമില്ല. തങ്ങൾ എത്ര പ്രാധാന്യമുള്ളവരാണെന്ന് കാണിക്കുവാൻ അവർ തങ്ങളെ കുറിച്ചു തന്നെ സംസാരിച്ചുകൊണ്ടിരിക്കും. സാധാരണ അവ അതിശയോക്തിപരമായിരിക്കും. വാസ്തവത്തിൽ ഏറ്റവും പ്രധാനപ്പെട്ടതു താഴ്മയും വിനയവും ആണ്, അവരെ കുറിച്ച് കൂടുതൽ പറയണമെന്നില്ല, കാരണം അത് എല്ലാവർക്കും അറിയാം. അറിയപ്പെടാത്ത ആളാണെങ്കിൽ അയാളെ ദീർഘമായി പരിചയപ്പെടുത്തേണ്ടത് ആവശ്യമാണ്. പക്ഷെ ഒരു രാജ്യത്തെ പ്രസിഡന്റോ പ്രധാന മന്ത്രിയോ ആണെങ്കിൽ അതിന്റെ ആവശ്യമില്ലല്ലൊ, പേർ പറഞ്ഞ ശേഷം പ്രസംഗിക്കുകയാണ് ചെയ്യുന്നത്.

തിരുവെഴുത്ത് ഇതിനെ കുറിച്ചു പറയുന്നത് ശ്രദ്ധിക്കുക. “അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പ് പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാട് കത്തിക്കുന്നു” (യാക്കൊബ് 3:5). ദൈവപരിജ്ഞാനത്തെ തൃജിച്ചുകളഞ്ഞവരാണ് ഇത്തരം സ്വഭാവം സ്വീകരിക്കുന്നത് എന്നു അപ്പൊസ്തലനായ പൗലൊസ് വെളിപ്പെടുത്തിയിരിക്കുന്നു. അന്ത്യ നാളുകളിൽ ആളുകളുടെ സ്വഭാവത്തെ അപ്പൊസ്തലൻ തിമൊഥെയോസിനു വെളിപ്പെടുത്തിയത് ശ്രദ്ധിക്കുക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും എന്നു തുടങ്ങി നിരവധി ദുശീലങ്ങളെ അവിടെ പറയുന്നു (1 തിമൊഥെയൊസ് 3:2). ജ്ഞാനിയായിരുന്ന ശലോമോൻ പറഞ്ഞിരിക്കുന്നു, “നാളത്തെ ദിവസത്തെ ചൊല്ലി പ്രശംസിക്കരുത്, ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്നു നാം അറിയുന്നില്ലല്ലൊ” (സദൃശവാക്യങ്ങൾ 27:1).

അടുത്തതായി അസൂയ എന്ന ദുസ്വഭാവത്തെ ബൈബിളിൽ വളരെയധികം എടുത്തു കാണിച്ചിരിക്കുന്നു. തീർച്ചയായും ദൈവം തീഷ്ണതയുള്ള ദൈവമാണെന്ന് മുന്നറിയിച്ചിരിക്കുന്നു (പുറപ്പാട് 20:5). പക്ഷെ ദൈവത്തിന് അസൂയയില്ല. എന്നാൽ തന്റെ ജനം തന്നെ നമസ്ക്കരിക്കാതെ മറ്റൊന്നിലേക്ക് തിരിയുന്നത് അവന് ഇഷ്ടമല്ല. അതാണ് ദൈവത്തിന്റെ സ്വഭാവം (2 കൊരിന്ത്യർ 11:2). എരിവും അതേ സമയത്ത് സംശയാലുക്കളായ ഭാര്യാഭർത്താക്കന്മാരുണ്ട്. തന്റെ പങ്കാളിയിൽ വിശ്വാസമില്ലാതിരിക്കുമ്പോൾ നിരവധി പ്രശ്ന

ങ്ങൾക്ക് അധീനരാകും. അസൂയ പലപ്പോഴും പകയിലേക്കും പിണക്കത്തിലേക്കും പിന്നെ ഉപേക്ഷണത്തിലേക്കും നയിക്കും. മറ്റുള്ളവരുടെ ജീവിതം നന്നായി പോകുമ്പോൾ, തങ്ങൾക്ക് കഴിയാതെ വരുകയും ചെയ്യുന്നു. അപ്പോൾ അവർക്ക് കണ്ണുകടിയുണ്ടാകും. അപ്പോൾ അവർക്ക് എതിരായി തെറ്റായ ആരോപണങ്ങൾ ഉന്നയിച്ചെന്നു വരാം; അതിനെ തുടർന്ന് പല വിധ കുഴപ്പങ്ങൾ നേരിടുവാൻ കാരണം ഈ ദുശ്ശീലമാണ്. അസൂയ നിമിത്തമായിരുന്നു ആദ്യത്തെ കുലപാതകം നടന്നത്. കയീന് തന്റെ സഹോദരനോട് ദേഷ്യം തോന്നുകയും അവനെ കൊല്ലുകയുമായിരുന്നു.

ശലോമോൻ പറയുന്നത് ജാരശങ്ക പുരുഷന്ന് ക്രോധഹേതുവാകുന്നു. പ്രതികാര ദിവസത്തിൽ അവൻ ഇളെക്കുകയില്ല (സദൃശവാക്യങ്ങൾ 6:34). "എന്നാൽ നിങ്ങൾക്ക് ഹൃദയത്തിൽ കയ്പ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ, സത്യത്തിന്നു വിരോധമായി പ്രശംസിക്കയും ഭോഷ്ക്ക് പറയുകയുമരുത്. ഇത് ഉയരത്തിൽനിന്നു വരുന്ന ജ്ഞാനമല്ല, ഭൗമികവും പ്രാകൃതവും പൈശാചികവുമായ തത്രെ. ഈർഷ്യയും ശാഠ്യവുമുള്ളേടത്ത് കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്" (യാക്കോബ് 3:14-16). നിങ്ങളിൽ ഈ പാപം ഉണ്ടാകാതിരിപ്പാൻ ദൈവം സഹായിക്കട്ടെ.

അടുത്തത് മോഹത്തെയാണ് നാം നോക്കുവാൻ പോകുന്നത്. അതിർ കവിഞ്ഞ ആഗ്രഹവും സുഖലോലുപതയും, ആഡംബരവും ദൈവഹിതത്തിന് എതിരാണ് എന്നു നാം തിരിച്ചറിയണം. "അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായി പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നെ പ്രാപിച്ചു" (റോമർ 1:27). ജഡത്തിന്റെ മോഹം നിവർത്തിക്കാതവണ്ണം നാം ആത്മാവിന്നു കീഴ്പ്പെടുവാനാണ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് (ഗലാത്യർ 5:16). യൗവ്വന മോഹങ്ങളെ വിട്ടോടുവാനാണ് അപ്പൊസ്തലൻ തിമൊഥെയൊസിന് എഴുതിയത് (2 തിമൊഥെയൊസ് 2:22). "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലൊ. നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ച മോഹവും

വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന്ന് നമ്മെ ശിക്ഷിച്ചു വളർത്തുന്നു" (തിത്തൊസ് 2:11, 12).

ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും, എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും എന്നാണ് യോഹന്നാൻ എഴുതിയിരിക്കുന്നത് (1 യോഹന്നാൻ 2:16, 17). "ഞാനോ നിങ്ങളോട് പറയുന്നു, സ്ത്രീയെ മോഹിക്കേണ്ടതിന്ന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി" (മത്തായി 5:28). സഹോദരനെ പകെക്കുന്നവൻ അവനോട് കുലപാതകം ചെയ്യുന്നു എന്നാണ് യോഹന്നാൻ പറഞ്ഞിരിക്കുന്നത് (1 യോഹന്നാൻ 3:15). ജഡത്തിന്റെ പ്രവൃത്തികൾ വളരെ ഇനിയുമുണ്ട്. അവ നമ്മെ നശിപ്പിക്കുമെന്നതിനാലാണ് നമ്മെ മുന്നറിയിച്ചിരിക്കുന്നത്. മനുഷ്യൻ ചെയ്യുന്ന ഏതു അധർമ്മവും ദൈവത്തിന് എതിരാണ്. ജഡികവും ലൗകികവുമായ മനുഷ്യന്റെ പ്രവൃത്തികൾ ദൈവം വിലക്കിയിരിക്കുന്നത് നാം ദൈവത്തോടുകൂടെ വിശുദ്ധരായി ജീവിക്കുന്നതിനാണ്. പരിശുദ്ധനായ ദൈവത്തോട് സമ്പർക്കം പുലർത്തി ജീവിക്കണമെന്നാണ് ദൈവം ഇച്ഛിക്കുന്നത്. നമ്മെ സൃഷ്ടിച്ചവന്റെ ഉദ്ദേശം ഭൂരിഭാഗം ആളുകളും തിരിച്ചറിയുന്നില്ല. കാണാത്തതിനേക്കാൾ ആളുകൾ കാണുന്നതിനെയാണ് ഇഷ്ടപ്പെടുന്നത്. മനുഷ്യൻ ഏതിനെ സ്നേഹിക്കുന്നുവോ അതിനെ സ്വായത്തമാക്കുവാൻ ശ്രമിക്കും.

"വഞ്ചനപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും. ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും" (ഗലാത്യർ 6:7, 8). കർത്താവിനെ സ്നേഹിച്ച് അവന്റെ കൽപനകളെ അനുസരിക്കുന്നവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്കുകയാണ് (ഗലാത്യർ 5:24). അതായത് അത്തരം ദുസ്വഭാവങ്ങളിൽനിന്നു നാം മാനസാന്തരപ്പെടേണം എന്നർത്ഥം. തുടർന്നു ദൈവഭക്തിയോടെ ജീവിക്കുവാൻ തയ്യാറാവുകയും വേണം (ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:36). ദൈവത്തിന്റെ വചനം നമുക്കായി എഴുതിയ നാൾ മുതൽ അതു പാലിക്കുവാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്.

ജഡത്തിന്റെ പ്രവൃത്തികളിൽ കുറെ പറഞ്ഞ ശേഷം അപ്പൊസ്തലൻ പറയുന്നത്, ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നാണ്. ഉപദ്രവകരവും നാശകരവുമായ എല്ലാ ദുശീലങ്ങളും ഉപേക്ഷിക്കുവാൻ ഓരോരുത്തരും തയ്യാറാകണം. ദൈവമക്കളായി തീരുമ്പോൾ നാം ദൈവവികസ്വഭാവം ഉൾക്കൊള്ളുവാനാണ് ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നത്. മനുഷ്യനന്മയായിരിക്കണം നമ്മുടെ ലക്ഷ്യം. ഭക്തിവിരുദ്ധമായതെല്ലാം നാം വിട്ടുകളയണം. ബഹുജനത്തെ നോക്കി നാം ജീവിക്കരുത്. മറിച്ച്, തിരുവെഴുത്തുകളെ ആധാരമാക്കിയാവണം നാം ജീവിക്കുവാൻ. ശരിയും തെറ്റും കൂടി കുഴഞ്ഞു കിടക്കുന്ന ലോകത്തിൽ നാം ഓരോരുത്തർക്കും വെളിച്ചം പകർന്നു കൊടുക്കണം. ദുഷ്പ്രവൃത്തികളെ കണ്ടെത്തുന്നവരെയും അതിൽ രസിക്കുന്നവരെയും അപ്പൊസ്തലൻ എടുത്തു കാണിച്ചിരിക്കുന്നു (റോമർ 1:30) അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനേക്കാൾ സ്വന്ത ഇഷ്ടത്തെയാണ് മാനിക്കുന്നത്.

പാപത്തിന്റെ പുതിയതും വ്യത്യസ്തവുമായ വഴികൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് പാപത്തെ സ്നേഹിക്കുന്നവർ. അവർ പുതുമ ആഗ്രഹിക്കുന്നവരാണ്. അത് തെറ്റായ കാര്യങ്ങൾക്കു വേണ്ടിയാണ് എന്നു മാത്രം. ലോകത്തിലെ മനുഷ്യർക്ക് പ്രയോജനപ്പെടുന്ന പലതും അത്തരം സ്വഭാവക്കാർ നഷ്ടപ്പെടുത്തുകയാണ്. നന്മയെ തിന്മയാക്കി മാറ്റുകയല്ല നന്മയെ നന്മയായി ഉപയോഗിക്കുകയാണ് നാം ചെയ്യേണ്ടത്. ഏതെങ്കിലും ഒരു ദുഷ്പ്രവൃത്തിയുടെ പേർ ബൈബിളിൽ പറഞ്ഞിട്ടില്ല എന്ന പേരിൽ വാദിക്കുവാൻ ശ്രമിക്കുന്നവർ പാപത്തെ പ്രോൽസാഹിപ്പിക്കുന്നവരാണ്. ഒരു വ്യക്തി ചെയ്യുന്ന ദുഷ്പ്രവൃത്തി അയാളെയും മറ്റുള്ളവരെയും ബാധിക്കും എന്ന് ഓർക്കണം. അത് എന്റെ വ്യക്തിപരമായ കാര്യമാണ് എന്ന് ആരെങ്കിലും പറഞ്ഞാൽ നാം എല്ലാവരും ചെയ്യുന്ന പ്രവൃത്തി നല്ലതാകിലും തീയതാകിലും ദൈവമുൻപാകെ കണക്കു കൊടുക്കേണ്ടതാണ് എന്നോർക്കുക (2 കൊരിന്ത്യർ 5:10). അതിൽനിന്നും ഒഴിഞ്ഞുമാറുവാൻ ആർക്കും സാധ്യമല്ല. നിങ്ങളിൽ എന്തെങ്കിലും ദൈവവചനത്തിനു വിരുദ്ധമായത് ഉണ്ടോ എന്നു ചിന്തിക്കുക.

★

# ക്രിസ്തുവിന്റെ മണവാട്ടി

## ജെറി ബേറ്റ്സ്

മണവാളൻ മണവാട്ടി എന്ന പദപ്രയോഗങ്ങൾ മിക്കവാറും എല്ലാവർക്കും സുപരിചിതമായിരിക്കും. വിവാഹത്താൽ യോജിക്കപ്പെടുന്ന ദമ്പതികളെയാണ് സാധാരണ അങ്ങനെ അറിയപ്പെടുന്നത്. വിവാഹ നിശ്ചയം കഴിഞ്ഞവരെയും നാം അങ്ങനെ വിളിക്കാറുണ്ട്. നമുക്ക് നന്നായി മനസിലാക്കുവാൻ പല രൂപകാലങ്കാരങ്ങളാൽ സഭയെ ബൈബിളിൽ വിശേഷിപ്പിച്ചിരിക്കുകയാണ്. സഭ എന്നാൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ സംഘമാണ്. അവരെ ലോകത്തിൽനിന്നാണ് വിളിച്ചു വേർതിരിച്ചിരിക്കുന്നത്. രാജ്യം, ശരീരം, ആലയം, മന്ദിരം, ഭവനം, പുരോഹിത വർഗ്ഗം, വിശുദ്ധന്മാർ എന്നിങ്ങനെ വിവിധ രീതികളിലാണ് സഭയെ വിവരിച്ചിരിക്കുന്നത്. 2 കൊരിന്ത്യർ 11:2 ലാണ് അപ്പൊസ്തലനായ പൗലൊസ് സഭയെ മണവാട്ടിയായി പറഞ്ഞിരിക്കുന്നത്. "ഞാൻ നിങ്ങളെ കുറിച്ച് ദൈവത്തിന്റെ എരിവോടെ എരിയുന്നു. ഞാൻ ക്രിസ്തു എന്ന ഏക പുരുഷന്നു നിങ്ങളെ നിർമ്മല കന്യകയായി ഏൽപിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു."

ആ ചിത്രീകരണത്തിൽ പ്രത്യേകമായ തിരിച്ചറിയിക്കൽ, ഏറ്റവും ഊഷ്മളമായ ബന്ധം, പരിധിയില്ലാത്ത നൽകൽ, ന്യൂനതയില്ലാത്ത മനോഹാരിത എന്നിവ ഉൾപ്പെടുന്നു. ചോദ്യം ചെയ്യപ്പെടുവാൻ കഴിയാത്ത ഒരു ആത്മാർത്ഥതയുടെ വശമാണ് നാം ഇതിൽ നോക്കുവാൻ പോകുന്നത്. മണവാട്ടിയുടെ ആശയം വിശ്വസ്തതയെയാണ് വ്യക്തമാക്കുന്നത്. വിവാഹം എന്നു പറയുന്നത് സമർപ്പണവും, സ്നേഹവും ആത്മാർത്ഥതയും ആവശ്യപ്പെടുന്ന ഒരു ഉടമ്പടിയാണ്. ഓരോ പുരുഷനും സ്ത്രീയും തന്റെ പങ്കാളിയുടെ നല്ല വശമാണ് കാണേണ്ടത്, തന്നേക്കാൾ തന്റെ പങ്കാളിയെ ശ്രേഷ്ഠമായി കരുതണം. എന്താണ് ക്രിസ്തു തന്റെ സഭക്ക് വേണ്ടി ചെയ്തത് എന്നു നമുക്ക് എല്ലാവർക്കും അറിയാം. കർത്താവ് തന്റെ സഭക്ക് വേണ്ടി തന്നെത്താൻ ഏൽപിച്ചു കൊടുത്തതായി നമുക്ക് കാണാം. അതുപോലെ ഒരു ഭർത്താവ് ഭാര്യക്ക് വേണ്ടി തന്നെത്താൻ ഏൽപിച്ചു കൊടുക്കണം. അന്യോന്യമുള്ള ബന്ധം ദൃഢമാകുവാൻ

അത് ഒഴിച്ചുകൂടാനാവാത്തതാണ് (എഫെ.5:23). ജീവിതത്തേക്കാൾ ധ്യാനം ഉൾക്കൊള്ളുന്നതാണ് വിവാഹ ബന്ധം. മരണത്താലല്ലാതെ വേർപിരിയുവാൻ ആഗ്രഹിക്കാതിരുന്ന ഭാര്യാഭർത്താക്കന്മാരുടെ കഥകൾ നാം കേട്ടിട്ടുണ്ട്. അവരുടെ ഹൃദയങ്ങളിൽ അന്യോന്യം ഉണ്ടായിരുന്ന ധ്യാനം അവർക്ക് ജീവനേക്കാൾ വലുതായിരുന്നു.

മറ്റെന്തിനേക്കാളും ക്രിസ്തുവിനോടുള്ള ബന്ധമാണ് നമുക്ക് വില യേറിയത്. തനിക്ക് വിവാഹ നിശ്ചയം ചെയ്തിരിക്കുന്ന മറിയ ഗർഭി ണിയാണെന്ന് അറിഞ്ഞപ്പോൾ യോസേഫ് അവളെ ഗൂഢമായി ഉപേ ക്ഷിപ്പാൻ ഭാവിച്ചു. കാരണം അവൾക്ക് ലോകാപവാദം വരുത്തു വാൻ അവൻ ആഗ്രഹിച്ചില്ല. അവൻ അപ്പോഴും അവളെ സ്നേഹി ച്ചിരുന്നു എന്നാണ് അത് വ്യക്തമാക്കുന്നത്. അവിശ്വസ്തയായ ഒരു സ്ത്രീയെ ഭാര്യയാക്കുവാൻ അവനു താൽപര്യമില്ലായിരുന്നു. പക്ഷെ അവൾ ഗർഭിണിയായത് പരിശുദ്ധാത്മാവിനാലാണ് എന്നു ബോധ്യ മായപ്പോൾ അവളെ ചേർത്തുകൊൾവാൻ അവൻ ശങ്കിച്ചില്ല. ഒരു ക്രിസ്ത്യാനി ക്രിസ്തുവിനോട് വിശ്വസ്തത പുലർത്തി വേണം ജീവി ക്കുവാൻ. ദൈവം ഓരോരുത്തനിൽനിന്നു വിശ്വസ്തത പ്രതീക്ഷി ക്കുന്നു. അതേ ആശയമാണ് യാക്കൊബ് തന്റെ ലേഖനത്തിൽ വിവ രിക്കുന്നത് (യാക്കൊബ് 4:4). ലോകത്തോടുള്ള നമ്മുടെ സൗഹൃദം ദൈവം ഇഷ്ടപ്പെടുന്നില്ല. ക്രിസ്തുവിനെ സ്നേഹിക്കുന്നതിനേക്കാ ളധികം നാം ലോകത്തിലുള്ള എന്തിനെയെങ്കിലും സ്നേഹിച്ചാൽ അത് ഭൗതികമായി വ്യഭിചാരം ചെയ്യുന്നതിനു തുല്യമായിരിക്കും.

ക്രിസ്തുവിന്റെ അത്തരത്തിലുള്ള ഒരു പ്രസ്താവന ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു, "അങ്ങനെ തന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളത് ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" (ലൂക്കൊസ് 14:33). ലോകത്തി ലുള്ള പലതും നമ്മെ ആകർഷിക്കുന്നവയാണ്. ഈ ലോകത്തിലുള്ള ഒന്നും നമ്മെ ക്രിസ്തുവിൽനിന്നും അകറ്റുവാൻ ഇടയാകരുത്. അതിന് നാം ദൈവത്തിലും അവന്റെ വചനത്തിലും പൂർണ്ണ വിശ്വാസം ഉള്ള വരായി തീരണം. ഓരോരുത്തരുടേയും ആശ്രയം ദൈവത്തിൽ മാത്ര മായിരിക്കണം. ദൈവത്തിൽ ആശ്രയിക്കുന്ന ഒരാൾ അവന്റെ വാഗ്ദാ നങ്ങളെയും കൽപനകളെയും മാനിക്കും. സകല മനുഷ്യർക്കും ക്രിസ്തുവിനോടാണ് കാര്യമുള്ളത്. എന്നാൽ ക്രിസ്ത്യാനികൾക്ക്

പ്രത്യേകിച്ചു ക്രിസ്തുവിനോടു മാത്രമാണ് കാര്യമുള്ളത്. കാരണം ക്രിസ്തുവിന്റെ മരണത്തിൽ അവർ പങ്കുകാരായവരാണ്. അവനോടുകൂടെ അവന്റെ അവകാശത്തിൽ അവർ ഓഹരിക്കാരാകുകയാണ്. തന്റെ മണവാട്ടിക്കായി മണവാളനാകുന്ന ക്രിസ്തു ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങൾ എല്ലാം നാം അനുഭവിക്കേണ്ടവരാണ് എന്ന് അവൻ നമ്മെ ഓർമ്മിപ്പിച്ചിരിക്കുന്നു.

വിവാഹത്താൽ ബന്ധിക്കപ്പെടുന്ന ഭാര്യാഭർത്താക്കന്മാരുടെ ബന്ധം മറ്റെല്ലാ ബന്ധത്തേക്കാളും വലുതാകുന്നു. അതുകൊണ്ടാണ് വിവാഹശേഷം ഭാര്യ ഭർത്താവിനോടും ഭർത്താവ് ഭാര്യയോടും പറ്റിച്ചേരുന്നത്. അതുപോലെ ക്രിസ്തുവിനോടു ചേരുമ്പോൾ മറ്റെല്ലാ ബന്ധത്തേക്കാളും വലിയ ഒരു ബന്ധമാണ് നമുക്ക് കർത്താവിനോടുണ്ടാകുന്നത്. ബന്ധത്തിനു കുറവ് സംഭവിക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. മണവാട്ടി മണവാളന് സകലത്തിലും കീഴ്പ്പെട്ടിരിക്കണമെന്നതാണ് ദൈവഹിതം. നമ്മുടെ ആത്മിയ ജീവിതത്തിൽ പ്രഥമസ്ഥാനം ക്രിസ്തുവിനായിരിക്കണം. അപ്പൻ, അമ്മ, ഭാര്യ, ഭർത്താവ്, സഹോദരന്മാർ സഹോദരിമാർ, മക്കൾ എന്നിവരേക്കാൾ നാം ക്രിസ്തുവിനെ ആണ് സ്നേഹിക്കേണ്ടത്. യേശുക്രിസ്തു പറഞ്ഞത് നാം നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കണം.

"എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും സ്വന്തജീവനെയും പകെക്കാതിരിപ്പാൻ കഴികയില്ല" (ലൂക്കൊസ് 14:26). അത് ചിലപ്പോൾ ചിലർക്ക് കഠിനമായി തോന്നിയേക്കാം. പക്ഷെ ക്രിസ്തുവിനോടുള്ള ബന്ധത്തിന്റെ പ്രാധാന്യത്തെയാണ് അത് എടുത്തു കാണിക്കുന്നത്. സഭയെ ഒരു നാമധേയവിഭാഗത്തെ പോലെ കാണരുത്. ചടങ്ങുകൾ നടത്തി ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നവർ ക്രിസ്തുവിനെയല്ല ആദരിക്കുന്നത്. നമ്മുടെ തൃപ്തിക്കുവേണ്ടിയല്ല കർത്താവ് തന്റെ സഭ പണിതിരിക്കുന്നത്. നാം അവനോട് ചേർന്നു അവന്റെ ഭാഗമായി പ്രവർത്തിക്കുവാനാണ് നമ്മെ വിലെക്കു വാങ്ങിയിരിക്കുന്നത്. സഭയിൽ പ്രവേശിക്കുന്ന ഓരോരുത്തരും ക്രിസ്തുവിനുള്ളവരാകുകയാണ്. പിന്നെ നാം നമുക്കുള്ളവരാകുന്നില്ല എന്നതാണ് പരമാർത്ഥം.

# നമ്മുടെ രക്ഷക്ക് ദൈവത്തിന്റെ നിബന്ധനകൾ

## ക്ലേം തർമാൻ

അപ്പൊസ്തലനായ പൗലൊസ് എഴുതി, "ഇപ്പോൾ മരണം നീക്കുകയും സുവിശേഷം കൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്ത നിർണ്ണയത്തിനും കൃപെക്കും ഒത്തവണ്ണമത്രെ." തന്റെ ലോകത്തിലെ ദൗത്യത്തെ വിവരിച്ച് യേശു ഇപ്രകാരം പറഞ്ഞു, "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ മനുഷ്യപുത്രൻ വന്നത്" (ലൂക്കൊസ് 19:10). നാം ദൈവത്തിൽനിന്നും അകന്നു നഷ്ടപ്പെട്ടു പോയതുകൊണ്ടാണ് ദൈവത്തോടുകൂടെയായിരുന്ന യേശു ഈ ഭൂമിയിലേക്ക് വന്നത് (യോഹന്നാൻ 3:16; എബ്രായർ 2:19). സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ എന്നാണ് അപ്പൊസ്തലനായ പൗലൊസ് എഴുതിയിരിക്കുന്നത് (തിത്തൊസ് 2:11).

എന്താണ് രക്ഷ എന്നു പറഞ്ഞാൽ? അതിന്റെ അർത്ഥമെന്താണ്? ദൈവത്തിന് അതിനെ കുറിച്ച് എന്താണ് പറയുവാനുള്ളത് എന്നു ശ്രവിക്കാതെ ആളുകൾ ആ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളെ വാദിക്കുകയും എതിർക്കുകയും ചെയ്യുന്നത് ഞാൻ കേട്ടിട്ടുണ്ട്. രക്ഷയുടെ ആവശ്യം, നടപടിക്രമങ്ങൾ എന്നിവ ദൈവം തന്റെ വചനത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഒരാൾ പാപത്തെ ഉപേക്ഷിച്ച് ക്രിസ്തുവിലേക്ക് വരുമ്പോഴാണ് അയാൾക്ക് ക്രിസ്ത്യാനി ആകുവാൻ കഴിയുന്നത് (പ്രവൃത്തികൾ 11:26; 1 പത്രൊസ് 4:16). ക്രിസ്തു മുഖാന്തരമാണ് നാം ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നത്. ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ ദൈവം അവരെ ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കി. കാരണം ദൈവസാന്നിധ്യം അവർ തന്നെയാണ് നഷ്ടമാക്കിയത്. യെശയ്യാ പ്രവാചകൻ എഴുതി, "രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്;

നിങ്ങളുടെ പാപങ്ങളത്രെ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറെക്കുമാറാക്കിയത്" (യെശയ്യാവ് 59:1, 2). ഒരു വ്യത്യാസവുമില്ലാതെ എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു( റോമർ 3:23). അങ്ങനെ എല്ലാവരും ദൈവത്തിൽനിന്നും അകന്നുപോയിരുന്നു. അതിന്റെ അനന്തരഫലം എന്തെന്നും ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിലേക്ക് വന്നു. പാപത്തിന്റെ ശമ്പളം മരണമാണ്. അതുകൊണ്ട് മരണം ഒഴിവാക്കുവാൻ പാപികൾക്ക് സാധ്യമല്ല.

ദൈവപുത്രൻ ഈ ഭൂമിയിൽ വന്നു പ്രവർത്തിച്ചതെല്ലാം മനുഷ്യരെ ദൈവത്തോട് നിരപ്പിക്കുന്നതിനായിരുന്നു. നാം ചെയ്ത പാപം നിമിത്തം ദൈവത്തോട് ശത്രുക്കളായി തീർന്ന നമ്മെ മിത്രങ്ങളാക്കുവാൻ യേശു ദൈവത്തിനു പ്രസാദകരമായ യാഗമായി തീർന്നു. പാപം ചെയ്യുന്നവനെല്ലാം പാപത്തിനു ദാസനാകുന്നു (യോഹന്നാൻ 8:34). പാപം ഒഴിവാക്കാതെ മനുഷ്യവർഗത്തിന് ദൈവത്തോട് കൂട്ടായ്മ പുലർത്തുക അസാധ്യമായിരുന്നു. ക്രിസ്തു ക്രൂശിന്മേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി. അതിനാൽ ഇരുപക്ഷത്തെയും ദൈവത്തോട് നിരപ്പിപ്പാൻ തന്നെ അങ്ങനെ ചെയ്തത് (എഫെസ്യർ 2:16; കൊലൊസ്യർ 1:20). നാം പാപത്തിൽ നഷ്ടപ്പെട്ടതിനാൽ നമുക്ക് സ്വയമായി രക്ഷപ്പെടുവാൻ കഴിയാതെ വന്നു. അതുകൊണ്ടാണ് ദൈവം മനുഷ്യനായി വെളിപ്പെട്ട് പാപപരിഹാരം വരുത്തിയത്. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനമില്ല. ദൈവത്തിന്റെ ഏകജാതനായ പുത്രൻ ആ യാഗത്തിനു തയ്യാറായി.

നാം പാപികളായിരുന്നപ്പോഴായിരുന്നു പാപമില്ലാത്ത യേശു നമുക്ക് വേണ്ടി പാപമായി തീർന്നതും ഒരിക്കൽ എന്നേക്കുമായി യാഗമായി തീർന്നതും. യേശുവിന്റെ മരണത്താലായിരുന്നു നമ്മുടെ മരണം ഒഴിവാക്കിയത്. ഭൗതിക മരണമല്ല ആത്മിക മരണം. അതായത് ദൈവത്തിൽനിന്നുള്ള അകൽച്ച ഇല്ലാതാക്കിയത് കർത്താവിന്റെ യാഗമായിരുന്നു. യേശു ചിന്തിയതായ രക്തത്താലാണ് നമ്മെ ശുദ്ധീകരിച്ച് വീണ്ടെടുത്തത്. പാപത്തിന്റെ അടിമത്വത്തിൽനിന്നാണ് ക്രിസ്തു നമ്മെ വിടുവിച്ച് മറുവില കൊടുത്ത് വിലക്കു വാങ്ങിയത്. മരണത്തിന്റെ അധികാരിയായ പിശാചിൽനിന്നാണ് ക്രിസ്തു നമ്മെ വിടുവിച്ചതും നമുക്ക് ദൈവത്തോട് അടുക്കുവാനുള്ള സാധ്യത

ഒരുക്കിയതും. മനുഷ്യപുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ വാസ്തവമായും സ്വതന്ത്രരാകും. മദ്ധ്യസ്ഥൻ നിങ്ങളെ രമ്യപ്പെടുത്തിയാൽ മാത്രമെ നിങ്ങൾ വാസ്തവമായും യോജിപ്പിലെത്തുകയുള്ളു. രക്ഷകൻ രക്ഷിച്ചാൽ മാത്രമെ നാം വാസ്തവമായും രക്ഷിക്കപ്പെടുകയുള്ളു. നമ്മുടെ ജീവിതത്തെ നമുക്ക് നിയന്ത്രിക്കുവാൻ കഴിയും എന്നാണ് മിക്കവാറും എല്ലാവരും വിചാരിക്കുന്നത്. എന്നാൽ അങ്ങനെയല്ല, ദൈവമാണ് എല്ലാവരുടെ ജീവിതത്തെയും നിയന്ത്രിക്കുവാൻ കഴിവുള്ള വ്യക്തി എന്നു തിരിച്ചറിയുക.

പാപം ചെയ്തു പിശാചിന്ന് നമ്മെ അടിമകളാക്കിയതിന്റെ ഉത്തരവാദിത്തം നമുക്ക് തന്നെയാണ്. അതിൽനിന്നും നമ്മെ സ്വതന്ത്രമാക്കുവാൻ ദൈവം പ്രവർത്തിച്ചിരിക്കുന്നു. നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നത് തന്റെ പുത്രനെ നൽകിക്കൊണ്ടാണ്. നമ്മെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ നശിച്ചുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, പിന്നെയോ കുഞ്ഞാടിന്റെ നിർദ്ദോഷവും നിഷ്ക്കളങ്കവുമായ രക്തത്താലത്രെ (1 പത്രൊസ് 1:18, 19). അങ്ങനെയാണ് പാപങ്ങൾക്ക് പൂർണ്ണമായ ഒരു പരിഹാരം വരുത്തിയത്. ലോകസ്ഥാപനത്തിനു മുൻപ് തന്നെ തന്റെ മുന്നറിവ് പ്രകാരം മുൻ നിശ്ചയിച്ച പദ്ധതിയായിരുന്നു ക്രിസ്തു മുഖാന്തമുള്ള രക്ഷ. ക്രിസ്തു അല്ലാതെ നമുക്ക് ഒരു രക്ഷകനില്ല. രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ മറ്റൊരു നാമവുമില്ല (പ്രവൃത്തികൾ 4:12). രക്തത്താൽ ഉറപ്പിച്ച പുതിയ നിയമമാണ് ആ പദ്ധതിയിൽ ദൈവം രക്ഷക്കായി ഉൾപ്പെടുത്തിയിരിക്കുന്ന മറ്റൊരു ഘടകം.

ക്രിസ്തുവിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്. ദൈവകൃപയാലാണ് നമുക്ക് ആ ഭാഗ്യം ലഭിച്ചിരിക്കുന്നത്. കാരണം പാപികളായ നാം എത്ര ശ്രമിച്ചാലും നമുക്ക് നമ്മുടെ പാപങ്ങളിൽ നിന്നു മോചിക്കപ്പെടുവാൻ സാധ്യമല്ല. ദൈവത്താൽ ലഭിക്കുന്ന ഏതൊരു കാര്യം ലഭിക്കുവാനും അവന്റെ നിബന്ധന നാം അതുപോലെ അംഗീകരിക്കണം. മാനസാന്തരപ്പെട്ട് ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുവാൻ കൽപിച്ചിരിക്കുന്നത് നമുക്ക് പാപമോചനം ലഭിക്കുവാനാണ്. ക്രിസ്തുവിന്റെ പ്രവൃത്തികളുടെ ഫലം നമുക്ക് ലഭിക്ക

ണമെങ്കിൽ എന്തു ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നുവോ അത് നാം അനുസരിക്കണം. യേശു നിക്കോദെമോസിനോട് പുതുതായി ജനിക്കണം എന്നു പറഞ്ഞു. അത് ദൈവരാജ്യത്തിൽ പ്രേശിക്കുന്നതിനാണ്. അത് വിശദീകരിച്ചു കൊടുക്കുന്നതാണ് വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം (യോഹന്നാൻ 3:3-5). സ്നാനം ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കായി യേശുവിന്റെ പുനരുത്ഥാനത്തിൽ നമ്മെ രക്ഷിക്കുന്നു (1 പത്രൊസ് 3:21).

മരിച്ചവരിൽനിന്നും ആദ്യനായി ഉയർത്തെഴുന്നേറ്റവനാണ് ക്രിസ്തു. അവന്റെ മരണത്തോടും അടക്കത്തോടും ഉയർപ്പിനോടും ആലങ്കാരികമായി നാം പങ്കെടുക്കുവാനായി സ്നാനം എന്ന കൽപന അഥവാ ജലസ്നാനം വെച്ചിരിക്കുന്നു. അത് നാം പരിശീലിക്കേണ്ടതിനാണ് ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്നത്. നമ്മെ ദൈവം വിശുദ്ധരും നിഷ്ക്കളങ്കരുമായി മാറ്റുവാൻ ആഗ്രഹിക്കുന്നു. ജഡത്തിന്റെ പ്രവൃത്തികളെ വിട്ടുകളഞ്ഞു ആത്മാവിനെ അനുസരിച്ചു ജീവിക്കുവാൻ ദൈവം തന്റെ പരിശുദ്ധാത്മാവിനെ നമ്മിൽ നൽകിയിരിക്കുന്നു. നമ്മുടെ രക്ഷ നമ്മിൽ നിലനിർത്തുവാൻ നമുക്ക് പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്. അപ്പോൾ ആ ആത്മാവിനെ നമ്മിൽ നിന്നു ദൈവം എടുത്തുകളയാതെ നാം സൂക്ഷിക്കണം. ദൈവത്തിന്റെ വാഗ്ദാനങ്ങൾ പ്രാപിക്കുവാൻ നമുക്ക് അവന്റെ നിബന്ധനകൾ പാലിക്കുവാൻ കഴിയണം. അവ അതുപോലെ പാലിച്ചില്ലെങ്കിൽ മോശെക്ക് കനാനിൽ പ്രവേശിക്കുവാൻ കഴിയാതിരുന്നതുപോലെ നാമും ആയി പോകും എന്നോർക്കുക.

സ്വർഗത്തിൽ പ്രവേശിക്കുവാൻ എന്തെല്ലാം ചെയ്യണമെന്ന് ദൈവം പറഞ്ഞിരിക്കുന്നുവോ അതെല്ലാം നാം ചെയ്യണം. എന്തെല്ലാം വിട്ടുകളയുവാൻ പറഞ്ഞിരിക്കുന്നുവോ അവ നാം വിട്ടുകളയണം. കർത്താവേ കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് (മത്തായി 7:21). സ്വർഗീയ നിബന്ധനകൾ പാലിക്കാത്തവർ നരകത്തിൽ പോകുവാനാഗ്രഹിക്കുന്നവരാണ്. സർവ്വശക്തനായ ദൈവമാണ് പരമാധികാരി എന്ന കാര്യം നാം മറക്കരുത്.

★

# കൃപയാൽ വിശ്വാസം മൂലം നാം രക്ഷിക്കപ്പെടുന്നു

**ഡോഡ്ജ് ബർലസൺ**

ദൈവത്തിൽനിന്ന് അനർഹമായി നമുക്ക് ലഭിക്കുന്ന ഒന്നാണ് കൃപ. അതായത് നമുക്ക് അത് തരുവാൻ അവന് യാതൊരു കടപ്പാടുമില്ല. നമുക്ക് അതിനു യാതൊരു യോഗ്യതയുമില്ല. വിശ്വാസം മൂലം കൃപയാൽ നാം രക്ഷിക്കപ്പെടുന്നു എന്ന പ്രസ്താവന പലപ്പോഴും കാണാതെ പോകുന്നു. നമ്മുടെ കാഴ്ച്ചപ്പാട് അനുസരിച്ച് മനുഷ്യരുടെ രക്ഷയെ നാം കാണുന്നു. എന്നാൽ നമ്മുടെ മാനദണ്ഡം അനുസരിച്ചല്ല ദൈവം മനുഷ്യരെ രക്ഷിക്കുന്നത്. ദാനമായിട്ടാണ് അവൻ നമ്മെ രക്ഷിക്കുന്നത്. രക്ഷ സൗജന്യമാണ് എന്നത് വളരെ ശ്രദ്ധിക്കണം. ദൈവത്തിന്റെ സന്ദേശത്തിന്റെ ശക്തിയെ ത്യജിച്ചു കളഞ്ഞവരാണ് വചനത്തെ കോട്ടിക്കളയുന്നവർ. ദൈവത്തിന്റെ പ്രവൃത്തികളിൽ നമുക്കുള്ള വിശ്വാസം വളരെ വിലയുള്ളതാണ്. അവൻ നമുക്ക് ചെയ്തിട്ടുള്ളതെല്ലാം നാം ഓർക്കുമ്പോൾ എത്രമാത്രം നന്ദിയുള്ളവരായിരിക്കേണ്ടവരാണ്? . നമ്മെ സുവിശേഷത്താൽ വിളിക്കുന്നത് അവന്റെ കൃപയാലാണ്.

ദൈവം കൃപാസമ്പന്നനാണ്. കഴിഞ്ഞ കാലത്ത് ദൈവം ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ഫലമായാണ് സകല ആത്മികാനുഗ്രഹങ്ങളും ലഭ്യമായിരിക്കുന്നത്. സഭയിലാണ് ആ ആത്മികാനുഗ്രഹങ്ങളെല്ലാം ഉള്ളത്. തന്റെ സ്നേഹാധിക്യത്താലും കരുണാധിക്യത്താലുമാണ് എല്ലാ നന്മകളും നമുക്ക് തന്നിരിക്കുന്നത്. രക്ഷിക്കുന്ന സുവിശേഷം നമുക്ക് വെളിപ്പെടുത്തുവാൻ പ്രവർത്തിച്ചതെല്ലാം ദൈവം ആണ്. നാം അത് വിശ്വസിച്ച് അനുസരിക്കുക മാത്രമാണ് ചെയ്യുന്നത്. അതിനപ്പുറമായി നമുക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല. ക്രിസ്തു നമുക്കായി ഭൂമിയിൽ വന്നു മരണത്തോളം താഴുകയും അനുസരണം പഠിച്ച് നിത്യരക്ഷയുടെ കാരണഭൂതനാകുകയും ചെയ്തു. ക്രിസ്തുവിൽ ആകാത്ത മനുഷ്യരുടെ അവസ്ഥ പരിതാപകരമാണ്. അല്ലെങ്കിൽ പാപം മോചിച്ചു കിട്ടാത്തവരുടെ അവസ്ഥ വളരെ മോശമാണ്. അവർ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരാണ്. അവർ

ദൈവത്തിന് അന്യരും പരദേശികളുമാണ്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ ലഭിക്കുന്നതിനു അവർ ശ്രമിക്കുന്നില്ല. ദൈവത്തെ അന്വേഷിക്കുന്നുമില്ല.

എന്താണ് വാസ്തവത്തിൽ കൃപ? കാരിസ് എന്ന ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത്, പാപികളായ ആളുകൾക്ക് അവർ അയോഗ്യരാണെങ്കിലും ദൈവത്തിന്റെ പ്രവൃത്തിയാൽ ലഭിക്കുന്നതിനെ ആണ് കൃപ എന്നു പറയുന്നത്. ദൈവ നന്മയാൽ അവൻ ചെയ്ത പ്രവൃത്തിയാൽ എല്ലാവർക്കും ലഭ്യമാകുന്ന രക്ഷയാണ് കൃപയുടെ ഫലം എന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു (പ്രവൃത്തികൾ 15:11; റോമർ 3:24). കൃപയും വിശ്വാസവും രക്ഷക്ക് യോജിപ്പിച്ച് നിർത്തിയിരിക്കുകയാണ്. അവയിൽ ഏതെങ്കിലും ഒന്നു മാറ്റി നിർത്തിയാൽ രക്ഷ പൂർണ്ണമാകുന്നുല്ല. നിർഭാഗ്യവശാൽ ചിലർ കൃപക്ക് പ്രാധാന്യം കൊടുക്കാതെ വിശ്വാസത്തിനു പ്രാധാന്യം കൊടുത്തു വരുന്നു. അത് ശരിയായ വ്യാഖ്യാനമല്ല. ദൈവത്തിന്റെ കൃപയുടെ ഫലം നമുക്ക് ലഭിക്കണമെങ്കിൽ നമുക്ക് വിശ്വാസം വേണം. ദൈവശക്തി നമ്മിൽ വ്യാപരിക്കണമെങ്കിൽ നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം. അതായത് ദൈവം എന്റെ പാപങ്ങളുടെ പരിഹാരത്തിന് എന്തെല്ലാം ചെയ്തു എന്നു വ്യക്തമാക്കിയിരിക്കുന്നത് ഞാൻ വിശ്വസിക്കണം.

ചിലർ രക്ഷിക്കപ്പെടുവാനും ചിലർ നഷ്ടപ്പെട്ടുപോകുവാനും ദൈവം മുൻ നിശ്ചയിട്ടില്ല. ദൈവം തന്റെ കൃപയാൽ വിശ്വാസം മൂലം എല്ലാവരേയും രക്ഷിക്കുവാനാണ് തന്റെ മുന്നറിവിനാൽ മുൻ നിശ്ചയിച്ചത്. ആരൊക്കെ രക്ഷിക്കപ്പെടുമെന്നും ആരൊക്കെ നഷ്ടപ്പെടുമെന്നും ദൈവത്തിന് അറിയാം. പക്ഷെ അത് ഓരോരുത്തരും തിരഞ്ഞെടുക്കുന്ന ജീവിതമനുസരിച്ചാണ് സംഭവിക്കുന്നത്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല എന്ന കാര്യം നാം മനസിലാക്കണം. എല്ലാ നല്ല ദാനവും തികഞ്ഞ വരവും ദൈവത്തിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്. രക്ഷക്കുള്ള അവസരം എല്ലാവർക്കുമായി ദൈവം തുറന്നു വെച്ചിരിക്കുന്നു. ആർക്കും അവസരം നിഷേധിച്ചിട്ടില്ല. അതുകൊണ്ടാണ് യേശു പറഞ്ഞത്, ഞാൻ തന്നെ വഴിയും സത്യവും ജീവനും; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. ക്രിസ്തുവിന്റെ യാഗത്തോട് ബന്ധപ്പെടാത്തവർക്ക് അതിന്റെ പ്രയോജനം ലഭിക്കുകയില്ല എന്ന കാരും നാം മറക്കരുത്.

പൂർണ്ണ വിശ്വാസത്തോടെ ആളുകൾ ദൈവത്തിന്റെ ക്ഷണത്തെ സ്വീകരിക്കണം എന്നാണ് അവൻ ആവശ്യപ്പെടുന്നത്. വിശ്വാസം കൂടാതെ കൃപയിൽ മാത്രം ആശ്രയിക്കുന്നതു ദൈവം ചെയ്ത പ്രവൃത്തികളോട് നന്ദിയില്ലായ്മയാണ് സൂചിപ്പിക്കുന്നത്. വിശ്വാസ കുറവോ അല്ലെങ്കിൽ വിശ്വാസമില്ലായ്മയോ ദൈവത്തിന്റെ ഉടമ്പടിയിൽ അവർ പങ്കുകാരാകുന്നില്ല എന്നതാണ് കാണിക്കുന്നത്. വിശ്വാസം എന്ന വാക്ക് പുതിയ നിയമത്തിൽ ഏകദേശം 500 പ്രാവശ്യം നാം വായിക്കുന്നു. കാണാത്ത കാര്യങ്ങളിലുള്ള നമ്മുടെ ആശ്രയവും നിശ്ചയവുമാണ് വിശ്വാസം എന്നു നിർവ്വചിച്ചിരിക്കുന്നതു.

വിശ്വാസം കൂടാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല (എബ്രായർ 11:6). ദൈവദാനത്തോടുള്ള മനുഷ്യരുടെ ഏറ്റവും നല്ല പ്രതികരണമാണ് വിശ്വാസം. വിശ്വാസമില്ലായ്മ സംശയത്തെ കാണിക്കുന്നു. വിശ്വാസം കൂടാതെ നാം എന്തെങ്കിലും ചെയ്താൽ അത് പാപമാണ്. ദൈവത്തെ വിശ്വാസത്തോടെ സ്വീകരിക്കുവാൻ മനസുള്ളവർക്ക് കാണപ്പെടുന്ന മനുഷ്യരെ വിശ്വസിക്കുവാൻ പ്രയാസം ഉണ്ടായിരിക്കുകയില്ല. ദൈവം ചെയ്ത പ്രവൃത്തികൾ നമുക്ക് ചെയ്യുവാൻ കഴിയുന്നതല്ല. നമുക്ക് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ നമുക്ക് വേണ്ടി ദൈവം ചെയ്യുകയില്ല. അതുകൊണ്ടാണ് വിശ്വാസം മൂലം കൃപയാൽ രക്ഷ ഒരുക്കിയിരിക്കുന്നത്. വിശ്വസ്തമായ പ്രതികരണം ദൈവം മനുഷ്യരിൽനിന്നും ആവശ്യപ്പെടുന്നു.

“അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ച് ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവശക്തിക്ക് ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. അവൻ നമ്മെ രക്ഷിക്കയും വിശുദ്ധ വിളികൊണ്ട് വിളിക്കയും ചെയ്തത് നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല, സകല കാലത്തിനും മുമ്പെ ക്രിസ്തുയേശുവിൽ നമുക്ക് നൽകിയിരിക്കുന്നതും ഇപ്പോൾ മരണം നീക്കുകയും സുവിശേഷം കൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെടുത്തിയിരിക്കുന്നതുമായ തന്റെ സ്വന്ത നിർണ്ണയത്തിന്നും കൃപെക്കും ഒത്തവണ്ണമത്രെ” (2 തിമൊഥെയൊസ് 1:8-10). കൃപയാലാണ് നമുക്ക് ദൈവം ഒരു

ഭദ്രത ഒരുക്കിയിരിക്കുന്നത്. അത് നമുക്ക് കാണുവാൻ കഴിയാത്ത താണ്. ദൈവം നൽകുന്ന പാപമോചനവും പരിശുദ്ധാത്മാവും നമുക്ക് കാണുവാൻ കഴിയുകയില്ല. ആത്മിയമായ അനുഗ്രഹങ്ങൾ നമുക്ക് കാണുവാൻ സാധ്യമല്ലെങ്കിലും വിശ്വാസത്താൽ നമുക്ക് അവ അനു ഭവിക്കുവാൻ കഴിയും. അതുകൊണ്ട് മനുഷ്യജീവിതത്തിൽ വിശ്വാ സത്തെ മാറ്റി നിർത്തുവാൻ കഴിയുകയില്ല. യോഗ്യത നോക്കിയല്ല ദൈവം ആളുകളെ രക്ഷിക്കുന്നത്, മറിച്ച് ദൈവത്തിന്റെ സൗജന്യ മായ രക്ഷ കൈക്കൊള്ളുന്നവരെയാണ് അവൻ രക്ഷിക്കുന്നത്.

മുൻ നിയമത്തിൻകീഴിലായിരുന്ന യിസ്രായേൽജനം വിശ്വാസ ക്കുറവ് നിമിത്തം അവർക്ക് വാഗ്ദാനം ചെയ്തിരുന്ന കനാൻദേ ശത്ത് പ്രവേശിക്കുവാൻ കഴിഞ്ഞില്ല. വിശ്വാസം പൂർണ്ണമാകുന്നത് പ്രവൃത്തിയോടുകൂടെയാണ്. അതിനർത്ഥം അവിടെ പറഞ്ഞ പ്രവൃ ത്തികൾ നമ്മുടെ യോഗ്യതക്കായി വെച്ചിരിക്കുന്നവയാണ് എന്നു തെറ്റിദ്ധരിക്കരുത്. അവയെല്ലാം നാം എങ്ങനെ പ്രതികരിക്കുമെന്ന് അറിയുവാൻ ദൈവം വെച്ചിരിക്കുന്ന നിബന്ധനകളാണ് എന്നു തിരി ച്ചറിയുക. ദൈവം നമ്മെ വിശ്വാസത്തിൽ നിലനിൽക്കുമോ എന്നു പരീക്ഷിക്കും. പക്ഷെ ദോഷങ്ങളാൽ ഒരിക്കലും പരീക്ഷിക്കയുമി ല്ല. വിശ്വാസം കൂടാതെ കൃപയെ സ്വീകരിക്കുവാൻ ശ്രമിക്കുന്നവരും കൃപ കൂടാതെ വിശ്വാസത്തിലാണെന്നു പറയുന്നവരും ഭാഗികമായി വിശ്വാസവും ഭാഗികമായ കൃപയും ഉള്ളവരാണ്. അത് ദൈവഹിത മല്ല എന്നു തീർത്തു പറയട്ടെ.

വിശ്വാസം മൂലമാണ് കൃപ ലഭിക്കുന്നത്, വിശ്വാസം മൂലമാണ് രക്ഷ പ്രാപിക്കുന്നത് എന്നു പറയുമ്പോൾ അവ രണ്ടും അനിവാര്യ മാണ്. ഒന്നു മാത്രം മതി എന്നു പറയുന്നവർ ദൈവത്തിന്റെ രക്ഷയെ ഭാഗിക്കുകയാണ്. ഒന്നിന്റെ അഭാവത്താൽ മറ്റൊന്നിന്റെ പ്രസക്തി കിട്ടുന്നില്ല എന്നു നാം മനസിലാക്കണം. കൃപയാലുള്ള രക്ഷ ആത്മാർത്ഥമായി വേണമെന്നുള്ളവർ വിശ്വാസത്തിന്റെ പ്രാധാന്യം എടുത്തുകളയുകയില്ല. ദൈവത്തിന്റെ പ്രവൃത്തികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞവർ അവന്റെ കൃപയെ വ്യർത്ഥമാക്കുകയുമില്ല. സ്വർഗ ത്തിലേക്ക് പോകുവാനുള്ള വഴി ദൈവമാണ് തയ്യാറാക്കിയിരിക്കു ന്നത്, നമ്മുടെ കാഴ്ച്ചപ്പാട് അനുസരിച്ചല്ല അത് സ്വീകരിക്കേണ്ടത്.

✶

# കൃപാസനത്തോട് അടുത്ത് ചെല്ലുക

**ബില്ലി ആർ. സ്മിത്ത്**

ലോകത്തിലുള്ള സർവ്വ മനുഷ്യർക്കും ഒരേ ഒരു രക്ഷകനാണു ള്ളത്. ആ രക്ഷകൻ എന്താണ് ചെയ്തതെന്നും ഇപ്പോൾ എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നും നാം അറിയണം. “ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയോരു മഹാ പുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട്, നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾക” എന്നാണ് എബ്രായ ലേഖകൻ എഴുതി യിരിക്കുന്നത് (എബ്രായർ 4:14). ക്രിസ്തുയേശു പാപികളെ രക്ഷി പ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസയോഗ്യമായ വചനം തന്നെ (1 തിമൊഥെയോസ് 1:15). അവൻ പാപമൊന്നും ചെയ്യാതെ ജീവിക്കുകയും, ത്യാഗപൂർണ്ണമായി മരിക്കയും, വിജയകരമായി മരി ച്ചവരിൽനിന്നും ഉയർത്തെഴുന്നേൽക്കുകയും, അത്ഭുതകരമായി സ്വർഗോരോഹണം ചെയ്ത് ദൈവത്തിന്റെ വലത്തുഭാഗത്ത് സിംഹാ സനത്തിൽ ഇരിക്കുന്നു (എബ്രായർ 1:3; 12:2). അവിടെ അവൻ ഒരു തികവുള്ള മഹാപുരോഹിതന്റെ ദൗത്യമാണ് നിർവ്വഹിക്കുന്നത്.

യിസ്രായേലുമായി ഉടമ്പടിയിൽ ശുശ്രൂഷിക്കുവാനായി ദൈവം പഴയനിയമകാലത്ത് പുരോഹിതന്മാരെ നിയമിച്ചിരുന്നു. എന്നാൽ മഹാപുരോഹിതനു മാത്രമെ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനായി നിൽക്കുവാൻ അനുവദിച്ചിരുന്നുള്ളു. മറ്റൊ രുവിധത്തിൽ പറഞ്ഞാൽ അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കുവാൻ മഹാപുരോഹിതനു മാത്രമെ അനുവാദം ഉണ്ടായിരുന്നുള്ളു. ആട്ടു കൊറ്റന്റെ രക്തവുമായിട്ടാണ് മഹാപുരോഹിതൻ സമാഗമന കൂടാ രത്തിൽ പ്രവേശിക്കുന്നത്. അത് തന്റേയും ജനത്തിന്റേയും പ്രായ ശ്ചിത്ത ബലിയായിരുന്നു. മൃഗ രക്തം തളിച്ച് ജഡിക ശുദ്ധി വരു ത്തിയിരുന്നു. ഓരോ വർഷവും നിരന്തരമായി അത് ചെയ്തുകൊ ണ്ടിരുന്നു. തികവില്ലാത്ത ആ പ്രായശ്ചിത്ത ബലിയിൽനിന്നു വ്യത്യ സ്തമായി യേശു നമ്മുടെ മഹാപുരോഹിതനായി തീർന്നു, അവൻ ദൈവപുത്രനാണ് എന്ന പ്രത്യേകതയുണ്ട്. അവൻ നമ്മെപോലെ ജീവിച്ചശേഷമാണ് സ്വയം യാഗമായത്. പിന്നീട് ഒരിക്കലും മരിക്കാ തിരിക്കേണ്ടതിനായിരുന്നു യേശു മരിച്ചത്. അവൻ ചെയ്തത് ദൈവ ത്തിനു ഇഷ്ടമായി.

"ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി, നീ എനിക്ക് ചെയ്യു വാൻ തന്ന പ്രവൃത്തി തികെച്ചിരിക്കുന്നു" (യോഹന്നാൻ 17:4). നമു ക്കായി രക്ഷകനായി തീർന്ന യേശു മുഖാന്തരമാണ് നമുക്ക് ദൈവ ത്തോടു അടുക്കുവാൻ കഴിയുന്നത്. നമ്മുടെ ബലഹീനതകളോട് സഹതാപം കാണിപ്പാൻ കഴിവുള്ളവനാണ് നമ്മുടെ മഹാപുരോഹി തൻ എന്നതാണ് നമുക്കുള്ള ആശ്വാസം. അവൻ സ്വർഗത്തിലിരുന്നു നമുക്ക് വേണ്ടി സദാ പക്ഷവാദം ചെയ്തുകൊണ്ടാണിരിക്കുന്നത്. "അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്ന വർക്ക് വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാക യാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" (എബ്രായർ 7:25). ആകയാൽ വിശ്വാസികളായ ആളുകൾക്ക് ഭയ പ്പെടേണ്ട ആവശ്യമില്ല എന്നു വ്യക്തം. നമുക്ക് അവനിലുള്ള പ്രത്യാശ ഒരു നങ്കൂരം പോലെയാണ്. യേശുവിന്റെ ഈ ഭൂമിയിലെ ജീവിതം വേദന നിറഞ്ഞതായിരുന്നു. അത് നമ്മുടെ പാപങ്ങൾ നിമി ത്തമായിരുന്നു എന്നത് നാം മറക്കരുത്.

ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരം തന്നെ; ഇത് നിശ്ചയവും സ്ഥിരവും തിരശീലക്കകത്തേക്കു കടക്കുന്നതുമാകു ന്നു (എബ്രായർ 6:19). അവൻ ഭൗതിക ശരീരത്തിലായിരുന്നപ്പോൾ അനുഭവിച്ച കഷ്ടത നമ്മുടെ നിത്യരക്ഷ ഉറപ്പുവരുത്തുവാനും നിത്യ ശിക്ഷ ഒഴിവാക്കുന്നതിനുമായിരുന്നു. ക്രിസ്തു തന്റെ ദൂമിയിലെ ദൗത്യം നിറവേറ്റിയതിനാലാണ് നാം ഭാഗ്യവാന്മാരായത്. അവന്റെ പ്രവൃത്തി നിമിത്തമാണ് നമ്മെ നമ്മുടെ അശുദ്ധിയെ നീക്കി വിശു ദ്ധീകരിപ്പാൻ സാധ്യമായത്. ലോകത്തിന്റെ ഏറ്റവും വലിയ ആവശ്യം നമുക്ക് കണ്ടില്ലെന്നു നടിക്കുവാൻ സാധ്യമല്ല. സാധാരണ ആളു കൾക്ക് അനുഭവപ്പെടുന്ന വേദന എപ്രകാരമായിരിക്കുമെന്ന് നമുക്ക് ഊഹിക്കുവാൻ മാത്രമാണ് കഴിയുന്നത്. അതേസമയം നമുക്ക് അനു ഭവപ്പെടുമ്പോഴാണ് യഥാർത്ഥത്തിൽ അത് എപ്രകാരമാണെന്നു നമുക്ക് മനസിലാക്കുവാൻ കഴിയുകയുള്ളു.

യേശു ഭൂമിയിൽ ആയിരുന്നപ്പോൾ നാൽപതു ദിവസം ഉപവ സിച്ചപ്പോൾ അവന്നു വിശന്നു. ഉടനെ പരീക്ഷകൻ അവനെ പരീ ക്ഷിക്കുവാനായി മരുഭൂമിയിലേക്ക് കൊണ്ടുപോയി. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മൂന്നുവിധത്തിൽ യേശു

പരീക്ഷിക്കപ്പെട്ടതായി മത്തായി വിവരിച്ചിരിക്കുന്നു. നാം ക്രിസ്തീയ ജീവിതത്തിൽ അനുഭവിക്കുന്ന പരീക്ഷണങ്ങളുടെ ശക്തി എത്രമാത്രമുണ്ടെന്നു യേശു മനസിലാക്കിയതാണ്. "ക്രിസ്തു തന്റെ ഐഹിക ജീവകാലത്ത് തന്നെ മരണത്തിൽനിന്നു വിടുവിപ്പാൻ കഴിയുന്നവനോട് ഉറെച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയ യാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു" (എബ്രായർ 5:7-9). അവൻ പാപം ഒന്നും ചെയ്യാതെ പിതാവിന്നു കീഴ്പ്പെട്ടുകൊണ്ടാണ് ജീവിച്ചത്.

"ഞങ്ങൾ കർത്താവിനെ കണ്ടു" എന്നു മറ്റു ശിഷ്യന്മാർ തോമാസിനോട് പറഞ്ഞു. കർത്താവ് പ്രത്യക്ഷനായപ്പോൾ തോമാസ് അവരോടുകൂടെ ഇല്ലായിരുന്നു. അതുകൊണ്ട് അവൻ പറഞ്ഞു, "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്നു അവൻ അവരോട് പറഞ്ഞു" (യോഹന്നാൻ 20:26). അതു ചെയ്യുവാനുള്ള അവസരം അവന് കർത്താവ് കൊടുത്തപ്പോൾ അവൻ നിലവിളിച്ചു, "എന്റെ കർത്താവും ദൈവവുമായുള്ളോവേ." യേശു നമ്മെ അറിയുകയും നമ്മുടെ പ്രശ്നങ്ങൾ മനസിലാക്കുകയും കരുതുകയും ചെയ്യും എന്നതാണ് നമുക്കുള്ള ധൈര്യം. നമ്മുടെ ആത്മീയ ജീവിതത്തിനു വേണ്ട പിന്തുണ യേശുവും പരിശുദ്ധാത്മാവും നൽകും എന്ന കാര്യത്തിൽ സംശയിക്കരുത്.

ദാസ്യത്തിന്റെ ആത്മാവിനെയല്ല, പുത്രത്വത്തിന്റെ ആത്മാവിനെയത്രെ ദൈവം നമുക്ക് നൽകിയിരിക്കുന്നത്. നിങ്ങളുടെ ആവശ്യങ്ങൾ ഇന്നതെന്നു നിങ്ങൾ യാചിക്കുന്നതിനു മുൻപ് നിങ്ങളുടെ പിതാവ് അറിയുന്നവല്ലോ എന്നാണ് ക്രിസ്തു നമ്മോട് പറഞ്ഞിരിക്കുന്നത് (മത്തായി 6:8). ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ (എബ്രായർ 12:28). ദൈവസിംഹാസനമാണ് കൃപാസനമായി പറഞ്ഞിരിക്കുന്നത്. ആവന്റെ അധികാരത്തെയും സാന്നിധ്യത്തെയുമാണ് അത് വ്യക്തമാക്കുന്നത്.

✶

# താഴ്മ ഉള്ളവർക്കാണ് ദൈവം കൃപ നൽകുന്നത്

**ജെഫ് എ.ജെങ്കിൻസ്**

താഴ്മ അല്ലെങ്കിൽ വിനയം എന്നത് ഒരു പ്രചാരമുള്ള വിഷയം അല്ല. പൊതുവായി പറഞ്ഞാൽ നാം അധികവും പറയുവാൻ താൽപര്യപ്പെടാത്ത വിഷയമാണ് താഴ്മ. താഴ്മയെ കുറിച്ച് നമ്മൾ അധികമായി ചിന്തിക്കുന്നില്ല എന്നതാണ് പരമാർത്ഥം. അതിനു പല കാരണങ്ങൾ ഉണ്ടായേക്കാം. ഒന്ന് നാം അധികം താഴ്മയുള്ളവരല്ല. കൂടുതൽ താഴ്മയുള്ളവരാകുന്നത് എങ്ങനെ എന്നു നാം പഠിക്കുന്നില്ല. വാസ്തവത്തിൽ, നമ്മുടെ സമൂഹം പഠിപ്പിക്കുന്നത് അതിന് എതിരായിട്ടാണ്. അഭിമാനമുള്ളവരും അഹങ്കാരമുള്ളവരുമാകുവാനാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ഭവനങ്ങളിൽനിന്നും വിദ്യാലയങ്ങളിൽനിന്നും പ്രതിധ്വനിക്കുന്ന ശബ്ദം അത്തരത്തിലുള്ളതാണ്. നാം ഇഛിക്കുന്നത് നമുക്ക് നേടിയെടുക്കുവാൻ കഴിയുമെന്നാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. മാഹാത്മ്യത്തിലെത്തുവാനാണ് ശ്രമിക്കേണ്ടത് എന്ന ആശയമാണ് നമ്മുടെ ഉള്ളിൽ നിറച്ചിരിക്കുന്നത്.

താഴ്മയെ കുറിച്ച് സംസാരിച്ചാൽ നമുക്ക് അതില്ലെങ്കിലോ എന്ന ഭയം നിമിത്തം സംസാരിക്കാതിരിക്കും. മറ്റു ചിലർ ഭയപ്പെടുന്നത് അതിനെ കുറിച്ച് സംസാരിച്ചാൽ നമ്മിൽ ഉള്ള താഴ്മ നഷ്ടപ്പെടുമോ എന്നായിരിക്കാം. താഴ്മ പരിശീലിക്കുവാൻ നമ്മെ പഠിപ്പിച്ചിട്ടില്ല എന്നതാണ് സത്യം. വിനയമുണ്ടെന്നു വിശ്വസിച്ച ആളുകളെ കുറിച്ച് ധാരാളം ഹാസ്യങ്ങൾ നാം ശ്രവിച്ചിട്ടുണ്ട്. താഴ്മക്ക് ഒരാൾക്ക് സമ്മാനമായി ഒരു മെഡൽ കിട്ടി. അയാൾ അത് എവിടെ പോകുമ്പോഴും പുറമെ കാണത്തക്കവണ്ണം ധരിച്ചുകൊണ്ട് പോകും. താഴ്മയെ കുറിച്ച് പുസ്തകം എഴുതിയ ഒരാൾ തന്നെ അത് വലിയവനാക്കി എന്നു പറയുന്നു. വാസ്തവത്തിൽ താഴ്മയുള്ളവർ എപ്രകാരമാണ് തങ്ങൾ താഴ്മയുള്ളവരായത് എന്നു വിശദമാക്കുകയില്ല. മറ്റുള്ളവർ അത് കണ്ടു മനസിലാക്കുവാൻ മാതൃകയുള്ളവരായിരിക്കും. ഈ ലേഖനത്തിൽ ഞാൻ ചർച്ച ചെയ്യുന്ന വാക്കുകൾ എനിക്ക് എതിരായി തിരിച്ചടിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു. ആദ്യം ഒരാൾ തന്റെ സ്വന്ത ജീവിതത്തിൽ താഴ്മ ധരിക്കേണം.

എനിക്കില്ലാത്ത ഒരു സ്വഭാവത്തെ കുറിച്ച് ഞാൻ പഠിപ്പിക്കുന്നതിൽ അർത്ഥമില്ല. ഇതിൽ പറയുന്ന ചിന്തകൾ നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ താഴ്മ വളർത്തിയെടുക്കുവാൻ സഹായിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന. നമ്മുടെ താഴ്മക്കുറവിന് ആദ്യമായി നാം ദൈവത്തോട് ക്ഷമ ചോദിക്കണം. താഴ്മയുടെ പ്രാധാന്യം നാം അത് പ്രായോഗികമാക്കിയ കർത്താവിൽനിന്നു വേണം പഠിക്കുവാൻ. എന്തുകൊണ്ടാണ് നമുക്ക് താഴ്മ ആവശ്യമായിരിക്കുന്നത്? ദൈവത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതാണ് താഴ്മ എന്നതാണ് അതിന്റെ പ്രാധാന്യം. കൂടാതെ ഇത് അതിശയകരമായ ഒരു സ്വഭാവമാണ്. മുൻപിൽ നിന്ന് ഉച്ചത്തിൽ സംസാരിച്ചാൽ മാത്രമാണ് നമുക്ക് മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുവാൻ കഴിയുകയുള്ളു എന്നാണ് ആളുകൾ ധരിച്ചിരിക്കുന്നത്. പക്ഷെ അതിൽനിന്നു വ്യത്യസ്തമായിട്ടാണ് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നത്. കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക:"എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി. എങ്കിലും അരിഷ്ടനും മനസു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും" (യെശയ്യാവ് 66:2).

ഈ പ്രത്യേക വേദഭാഗം നമുക്ക് ഒരു ഉൾക്കാഴ്ച്ച നൽകുന്നു. ആ വേദഭാഗം തന്റെ ജനമായിരുന്ന യിസ്രായേൽ മക്കളോട് സംസാരിക്കുന്നതായിരുന്നു. ദൈവം അവർക്ക് ആവശ്യമായതെല്ലാം നൽകിയിട്ടും അവർ ദൈവത്തിന്റെ വചനത്തിൽ വിറെക്കുകയുണ്ടായില്ല. അവരുടെ അഹംഭാവത്തിൽനിന്നു മാറ്റിയെടുക്കുവാൻ കഷ്ടതയിൽകൂടെ കടത്തിവിട്ടു. എന്നിട്ട് പറഞ്ഞത് അവർ സ്വയം താഴുവാനായിരുന്നു. ദൈവം നമ്മിലേക്ക് ശ്രദ്ധിക്കുവാൻ ആവശ്യപ്പെട്ട സ്വഭാവം ആണ് അത്. ഇന്ന് കർത്താവിന്റെ സഭയിൽ ഉള്ളവർക്ക് ദൈവം എല്ലാം സമൃദ്ധമായി നൽകിയിട്ടും ആളുകൾ നിഗളഭാവത്തിൽ കഴിയുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അത്തരം സ്വഭാവം ദൈവത്തിന്റെ ശ്രദ്ധ നമ്മിൽനിന്നു മാറിപ്പോകും എന്നാണ് നാം ഓർക്കേണ്ടത്. നിഗളഭാവം ദൈവം വെറുക്കുന്ന ഒന്നാണ്. സകല മനുഷ്യർക്കും ആവശ്യം താഴ്മയാണ്. അവനവൻ താന്താന്റെ ഹൃദയങ്ങളെ ശോധന ചെയ്യണം. ദൈവം വെറുക്കുന്ന സ്വഭാവം ഒരു ദൈവപൈതലിൽനിന്നും ഉണ്ടാകരുത്.

"ആറു കാര്യം യഹോവ വെറുക്കുന്നു; ഏഴു കാര്യം അവന്നു

അറെപ്പാകുന്നു. ഗർവ്വമുള്ള കണ്ണും വ്യാജമുള്ള നാവും കുറ്റമില്ലാത്ത രക്തം ചൊരിയുന്ന കയ്യും ദുരുപായം നിരൂപിക്കുന്ന ഹൃദയവും ദോഷത്തിന്നു ബദ്ധപ്പെട്ട് ഓടുന്ന കാലും ഭോഷ്ക്ക് പറയുന്ന കള്ള സാക്ഷിയും സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനും തന്നെ" (സദൃശവാക്യങ്ങൾ 6:16-19). ലോകത്തിൽ വിരളമായിരിക്കുന്നതും, എന്നാൽ അത്യാവശ്യവുമായ ഒരു ഭാവമാണ് എളിമ. യേശുവിനെ പോലെ ആകുവാൻ ശ്രമിക്കുന്നവർക്ക് മാത്രമെ താഴ്മയുള്ളവരാകുവാൻ കഴിയു. നാം സ്വയം താഴുന്നില്ലെങ്കിൽ മറ്റുള്ളവർ നമ്മെ തരം താഴ്ത്തും. ആത്മാർത്ഥതയുള്ള സ്വഭാവങ്ങളിൽ ഒന്നാണ് എളിമ വരുന്നത്. നമ്മുടെ ഹൃദയത്തിലാണ് നാം സ്വഭാവങ്ങളെ വളർത്തിയെടുക്കുന്നത്. ക്രിസ്തുവിന്റെ ഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ എന്നാണ് അപ്പൊസ്തലനായ പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നുത് (ഫിലിപ്പിയർ 2:5).

ദൈവപുത്രനായിരുന്ന യേശു തന്നെത്താൻ താഴ്ത്തി നമുക്ക് ഒരു മാതൃക കാണിച്ചു തന്നിരിക്കുകയാണ്. ക്രൂശിലെ മരണത്തോളം അവൻ അനുസരണമുള്ളവനായി തീർന്നു. വാസ്തവത്തിൽ നാം യേശുവിനെ അനുഗമിക്കുകയാണെങ്കിൽ മറ്റുള്ളവർക്ക് നമ്മിൽ ക്രിസ്തുവിനെ കാണുവാൻ കഴിയണം. ഒരു ദാസ്യഹൃദയത്തിനു മാത്രമെ താഴ്മ ധരിക്കുവാൻ കഴിയു. അനുസരണവും കീഴ്പ്പെടലും ആണ് ദൈവമക്കൾക്ക് ഉണ്ടാകേണ്ടത്. ദൈവകൃപ നമ്മിലേക്ക് വരുവാൻ വിനയഭാവം അനിവാര്യമാണ്. ദയവും മനസലിവും ആർദ്രതയും ദൈവത്തിൽനിന്നു ലഭിച്ചത് നാം മറ്റുള്ളവർക്ക് പകർന്നു കൊടുക്കണം. ദൈവം തന്റെ അത്ഭുതകരമായ കൃപ നമുക്ക് വാഗ്ദാനം ചെയ്തിരിക്കുകയാണ്. സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ എന്നാണ് തിത്തൊസിന്റെ ലേഖനത്തിൽ നാം വായിക്കുന്നത് (തിത്തൊസ് 2:11).

യാക്കൊബിന്റെ ലേഖനത്തിൽ ആ അത്ഭുതകരമായ കൃപയെ രേഖപ്പെടുത്തിയിരിക്കുന്നു. "എന്നാൽ അവൻ അധികം കൃപ നൽകുന്നു; അതുകൊണ്ട് ദൈവം നിഗളികളോട് എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു" (യാക്കൊബ് 4:6). ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ താഴ്മയുണ്ടെങ്കിൽ എത്ര മഹത്തായ വാഗ്ദാനമാണ് ദൈവം നൽകിയിരിക്കുന്നത്!

നമുക്ക് എങ്ങനെ താഴ്മയുള്ളവരാകുവാൻ കഴിയും? വിനയത്തിനായി ദൈവത്തോട് പ്രാർത്ഥിക്കുക. കാരണം ദൈവസഹായം കൂടാതെ നമുക്ക് ഒന്നും സാധ്യമല്ല. സ്വന്ത കഴിവ് കൊണ്ടു വളർത്തിയെടുക്കുവാൻ കഴിയാത്ത ഒന്നാണ് ഈ മനോഭാവം. അതിനർത്ഥം നാം അതിനുവേണ്ടി പരിശ്രമിക്കേണ്ട എന്നുമല്ല. നമ്മുടെ ഭാഗത്ത് നിന്നുള്ള പരിശ്രമം വിജയിക്കണമെന്നുണ്ടെങ്കിൽ ദൈവത്തിന്റെ സഹായം കൂടിയേ തീരു. എബ്രായ ലേഖകൻ പറയുന്നത് ശ്രദ്ധിക്കുക, “അതുകൊണ്ട് കരുണ ലഭിപ്പാനും തക്ക സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക” (എബ്രായർ 4:16).

ദൈവസഹായത്തിനായി നാം ദൈവത്തോട് അപേക്ഷിക്കേണ്ട പ്രാധാന്യം അപ്പൊസ്തലനായ പൗലൊസും വ്യക്തമാക്കിയിരിക്കുന്നു, “ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്” (ഫിലിപ്പിയർ 4:6). ക്രിസ്തുവിനെ നോക്കി കൂടുതലായി അവനെ പോലെ ആകുക എന്നതായിരിക്കണം നമ്മുടെ ജീവിത ലക്ഷ്യം. നമ്മുടെ ജീവിതം കണ്ട് അവിശ്വാസികൾ പോലും ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇട വരണം. നാം നമ്മെ ക്രിസ്തുവുമായി ഒത്തു നോക്കി കുറവുകൾ പരിഹരിക്കുവാൻ ശ്രമിക്കണം. അതിനു വചനമാകുന്ന കണ്ണാടി നാം ദിവസവും നോക്കുകയും അത് പ്രയോജനപ്പെടുത്തുകയും ചെയ്യുക. നാം അറിയാതെ നമ്മുടെ ശത്രുവായ നിഗളം നമ്മുടെ ഉള്ളിൽ കടന്നു വരുവാൻ സാധ്യതയുണ്ട്.

താഴ്മ നമ്മുടെ ശത്രുവാകാതെ സൂക്ഷിക്കുക. അതിനു കാരണം പിശാചാണ്. മറ്റുള്ളവരെ നമ്മേക്കാൾ ശ്രേഷ്ടരായി കാണുവാനാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ബഹുമാനം നമ്മിൽ കാണണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. വിനയമില്ലാത്തവർക്ക് മറ്റുള്ളവരെ ബഹുമാനിക്കുവാൻ കഴിയുകയില്ല. എളിമയില്ലാത്തവർക്ക് മറ്റുള്ളവരെ സേവിപ്പാൻ കഴിയുകയില്ല. ശിഷ്യന്മാരുടെ കാലുകൾ കഴുകി താഴ്മ എന്താണെന്ന് ഗുരുവായിരുന്ന യേശു കാണിച്ചു കൊടുത്തു. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.

**Watch!**

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!